# അതിജീവനത്തിന്റെ സമരമുഖമായി മുരിയാട്

**കെ.ആർ.പി.**

ഉള്ളതുകൊണ്ട് ഓണംപോലെ ജീവിക്കാൻ ശീലിച്ചവരാണ് കർഷകർ. പ്രത്യേകിച്ച് നെൽകൃഷിക്കാർ. കോടികൾ കൊയ്യാനും ആർത്തിയുടെ സമവാക്യങ്ങൾ സ്വരൂപിക്കാനും അവർക്കാകില്ല. പക്ഷേ പ്രലോഭനത്തിന്റെ കരങ്ങൾ അവരെയും തേടിച്ചെല്ലുകയാണ്. നെല്ലു വിളയുന്ന ഭൂമി പണം കായ്ക്കുന്ന മണ്ണിന്റെ കലവറയാണെന്ന തിരിച്ചറിവിൽ ദുഷ്ടശക്തികൾ എത്തുന്നു. കർഷകന് ഒരിക്കലും സ്വപ്നം കാണാനാവാത്ത തുകകൾ നീട്ടി പാടം സ്വന്തമാക്കാനാണ് അവരുടെ നീക്കം.

ഒട്ടേറെ പേർ വീണുപോയ ഈ സുന്ദരമാനിനു പിന്നിലെ മാരീചന് എതിരെ ചെറുതെങ്കിലും കരുത്തുള്ള കർഷക കൂട്ടായ്മ ഉയരുകയാണ്.

താൽക്കാലിക ലാഭങ്ങൾക്ക് അപ്പുറം വെള്ളവും കൃഷിയും പിന്നെ തലമുറകളുടെ സ്വന്തമായ പ്രകൃതിയും നിലനിർത്താൻ മുരിയാട് സമരനിലം ഒരുങ്ങിയിരിക്കുന്നു. ജില്ലയിലെ കോൾമേഖലയുടെ ചരിത്രത്തിൽ ഇതുവരെ കാണാത്ത പുതിയൊരുധ്യായം അതാണ് മുരിയാട് ചാത്തൻ മാസ്റ്റർ സ്മാരക സമരകേന്ദ്രത്തിൽ കർഷകർ ഒരുക്കുന്ന മുന്നേറ്റം.

മുകുന്ദപുരം താലൂക്കിൽ 11,000 ഏക്കർ പാടശേഖരമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ അവശേഷിക്കുന്നത് 9000 ഏക്കർ.

3000 ഏക്കർ കൃഷിഭൂമി നശിച്ചു. മണ്ണും മണലും പിന്നെ പാറയുമൊക്കെയായി ലോറികൾ കൊണ്ടുപോയത് 15,000 കോടിയുടെ സമ്പത്ത്.

മുരിയാട് പറപ്പൂക്കര, നെന്മണിക്കര, വല്ലച്ചിറ, പൊറത്തിശ്ശേരി, വേലൂക്കര, ആളൂർ പഞ്ചായത്തുകളിലും ഇരിങ്ങാലക്കുട നഗരസഭയിലുമാണ് മുരിയാട് പാടശേഖരം വ്യാപിച്ചുകിടക്കുന്നത്. കൃഷി ഇനി ബാക്കിയുള്ളത് മുരിയാട്, വേലൂക്കര, ആളൂർ, ഇരിങ്ങാലക്കുട എന്നിവിടങ്ങളിൽ മാത്രം. നെന്മണിക്കരയും, പറപ്പൂക്കരയും, വല്ലച്ചിറയും കൃഷി പടിയിറക്കി. പൊറത്തിശ്ശേരിയിൽ കൃഷി ഭാഗികമായി.

അവശേഷിക്കുന്ന പാടങ്ങൾക്കാണ് കൃഷിക്കാർ സമരരംഗത്തുള്ളത്. കോന്തിപുലം പാലം പണിക്കുവേണ്ടി നിർമ്മിച്ച ബണ്ടാണ് കാരണം. ഇവിടെ കൃഷിയിറക്കാൻ കഴിഞ്ഞ തവണ കഴിഞ്ഞില്ല. പാലം പണി പൂർത്തിയായിട്ടില്ല. ഇക്കുറിയും കൃഷി ഇറക്കാൻ പറ്റുമെന്ന അവസ്ഥയുമില്ല.

തുടർച്ചയായി 2 വർഷം തരിശു കിടക്കുന്ന പാടങ്ങൾ മണ്ണുമാഫിയയുടെ അടുത്ത ഇരയാകുമെന്ന ആശങ്കയിലാണവർ. ഭൂമിയെ തകർക്കുന്ന ജിയോളജി വകുപ്പിന്റെ റിപ്പോർട്ട് ഇവിടെ വില്ലനാകും. മുരിയാട്ടെ ചേപ്പാട്ട് പാടം ഉൾപ്പെടെ നൂറുമേനി വിളഞ്ഞ പല കൃഷിയിടങ്ങളും ഇവരുടെ പഠനത്തിൽ തരിശുഭൂമിയാണ്. ഈ റിപ്പോർട്ടിൽ 38 വില്ലേജുകളിൽനിന്ന് മണ്ണെടുക്കാൻ സാദ്ധ്യത ഉള്ളതായി വിലയിരുത്തുന്നു. പാടങ്ങൾ കാണാതെ, സ്ഥലത്ത് എത്താതെ തയ്യാറാക്കിയ റിപ്പോർട്ട് ഗസറ്റിൽ വന്നിട്ടില്ല. പക്ഷെ ഈ റിപ്പോർട്ട് മറയാക്കി മണ്ണുഖനനത്തിന് അരങ്ങ് ഒരുങ്ങിക്കഴിഞ്ഞു.

മുരിയാട് പാടശേഖരം കൃഷിയില്ലാത്തത് ആണെന്ന വിലയിരുത്തൽ വന്നാൽ അവിടെയും മണ്ണെടുക്കാൻ അനുമതിയാകും. കൃഷിഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്ന കർശന നിയമം അട്ടിമറിച്ച നാട്ടിൽ പുതിയ ഉറപ്പുകളൊന്നും കൃഷിക്കാർക്ക് സ്വീകാര്യമല്ല.

മാടായിക്കോണവും കോന്തിപുലവുമെല്ലാം അവർക്കുമുന്നിൽ ഉപ്പുവെള്ളക്കെട്ടുകളായി ബാക്കിയുണ്ട്. സമുദ്രനിരപ്പിൽനിന്ന് 7 അടി താഴെയുള്ള കോൾപ്പാടങ്ങളിൽ 30 അടിയോളം മണ്ണെടുത്തതാണ് ലവണാംശം വർധിക്കാൻ ഇടയാക്കിയത്. കടൽജീവികളുടെ സാന്നിധ്യവും ഇവിടെ കണ്ടെത്തിക്കഴിഞ്ഞു. ഇനി എത്രമണ്ണിട്ട് നികത്തിയാലും മടങ്ങിവരാത്ത രീതിയിൽ ഇവിടം നിലയില്ലാക്കയമായി തീർന്നിരിക്കുന്നു. അന്താരാഷ്ട്ര തണ്ണീർതടമെന്ന് അംഗീകാരം നേടിയ കോൾപ്പാടങ്ങളിലാണ് പൊറുക്കാനാവാത്ത ഈ ചൂഷണം അരങ്ങേറിയതെന്ന പ്രത്യേകതയുണ്ട്.

ഭൂഗർഭജലവിതാനം ഇതിനുസമീപം 10 സെ.മീ. താഴ്ന്നിട്ടുണ്ട്. കേരളത്തിൽ ഏറ്റവുമധികം ജലസംഭരണശേഷിയുടെ പ്രദേശമാണിതെന്ന് ക്രൈസ്റ്റ് കോളേജിലെ തണ്ണീർതട പഠനഗവേഷണ സംഘം വിലയിരുത്തിയിട്ടുണ്ട്. ആ സമ്പത്തിനുമേലാണ് മണ്ണുമാന്തികൾ സംഹാരം നടത്തുന്നത്. പ്രകൃതിയൊരുക്കിയ കണ്ണികൾ തകർന്നടിയുമ്പോൾ നഷ്ടപ്പെടുന്നത് പരിസ്ഥിതി സംതുലനമാണ്.

ജൈവസമ്പത്തിന്റെ അസാധരണമായൊരു കലവറയാണ് മുരിയാട്. 90ലധികം സൂക്ഷ്മമായ ശുദ്ധജല പായലുകൾ, 28 ഇനം മത്സ്യങ്ങൾ തുടങ്ങി പ്രകൃതിയുടെ അനുഗ്രഹങ്ങൾ. കരുവന്നൂർ, കുറുമാലി പുഴകളുമായി ബന്ധമുള്ള ലക്ഷക്കണക്കിന് നീർപ്രവാഹങ്ങൾ. അവശേഷിക്കുന്ന പച്ചപ്പുകൾ. ഇത് കൃഷിക്കാരുടെ മാത്രം സമരമല്ലെന്ന് തീർച്ച. ഇത് കാൽച്ചുവട്ടിലെ മണ്ണൊലിച്ച് പോകുന്ന ഓരോ മനുഷ്യന്റെയും അതിജീവന സമരം തന്നെയാണ്.